# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 1)002/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 25.01.2020**

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ്,**
**മഴവന്നൂർ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)**
സർ,

വിഷയം : മഴവന്നൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

******* ******* ********* ***** ******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മവുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3) കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 1)002/2020 **തീയതി :25.01.2020**

**<u>എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ</u>**
**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**
**<u>ഓഡിറ്റ് റിപ്പോർട്ട്</u>**

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഇല്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ് കെ കെ, ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 20.12.2019 മുതൽ 31.12.2019 വരെ |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>**

| **പേര്** | **ഉദ്യോഗപ്പേര്** |
|---|---|
| ശ്രീമതി സുധ ജേക്കബ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ ഹരീഷ് ബാബു എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഷൈബി ഇ ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |

**(ബി) <u>നിർവ്വഹണാധികാരികൾ</u>**

| | **പേര്** | **കാലയളവ്** | |
|---|---|---|---|

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്മുക്കുട്ടി സുദർശനൻ | 01.04.2018 | 31.03.2019 |
| വൈസ് പ്രസിഡന്റ് | ശ്രീ. ഫിലിപ്പ്. വി | 01.04.2018 | 31.03.2019 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| ചെയർപേഴ്സൺ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി ഷൈനി കുര്യാക്കോസ് | 01.04.2018 | 31.03.2019 |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി അന്ന ഇ വർഗീസ് | 01.04.2018 | 31.03.2019 |
| ചെയർപേഴ്സൺ വിദ്യാഭ്യാസം & ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി നളിനി മോഹൻ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ. ജഗദീഷ്. എം. പി | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. സോമശേഖര വാര്യർ | 01.04.2018 | 31.03.2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നിഷ പി.എസ് | 01.04.2018 | 31.03.19 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷീനമോൾ റ്റി.കെ | 01.04.2018 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പി. സി. ഷീല | 01.04.2018 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കെ.എൻ. മഞ്ജുള | 01.04.2018 | 17.06.18 |
| | ഡോ.ഹേമ തിലക് | 18.06.18 | 31.03.19 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുനിത സുരേന്ദ്രൻ | 01.04.2018 | 31.03.19 |
| ലേഡി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഐരാപുരം) | ശ്രീമതി. റഷീദ റ്റി.ഐ | 01.04.2018 | 31.03.19 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മഴുവന്നൂർ) | ശ്രീ. അനിൽ പി. എസ് | 01.04.2018 | 31.03.19 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | ശ്രീ. ജോബിൻസ് | 01.04.2018 | 31.03.19 |
| ഹെഡ് മാസ്റ്റർ ജി.യു.പി.എസ് കുന്നക്കുരുടി | ശ്രീ.എം.കെ.ശിവദാസൻ | 01.04.2018 | 31.03.19 |
| വെറ്റിനറി സർജൻ | ഡോ.ബിജു.കെ.വർഗീസ് | 01.04.2018 | 31.03.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. വിനോദ്. വി.ഡി | 01.04.2018 | 31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റഫീന ബീവി എം.എം | 01.04.2018 | 31.03.19 |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| ഭാഗം 1 | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചു | 1-12 | |
| 13 | തൊഴിൽ നികുതി ഈടാക്കാത്തത് | 1-13 | |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ | 1-14 | |
| 15 | സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി | 1-15 | |
| 16 | സ്പോർട്സ് കിറ്റ് വിതരണം-അപാകതകൾ | 1-16 | |
| 17 | നെൽകൃഷി/ പാലിന് സബ്സിഡി-ആവശ്യത്തിന് തുക വകയിരുത്തുന്നില്ല. | 1-17 | |
| 18 | ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യേണ്ടതാണ് | 1-18 | |
| 19 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. | 1-19 | |
| 20 | ബഡ്സ് സ്കൂൾ പ്രവർത്തനം | 1-20 | |
| 21 | അനർഹമായി ഓവർഹെഡ്ഡ് ചാർജ്ജ് അനുവദിച്ചു. | 1-21 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-22 | |
| 23 | കുഴൽ കിണർ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-23 | |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി | 1-24 | |
| 26 | വെള്ളക്കരം ഭീമമായ കുടിശ്ശിക | 1-25 | |
| 27 | തെരുവുവിളക്ക് മെയിന്റനൻസ്- രേഖകൾ കൃത്യമല്ല | 1-26 | |
| | ഭാഗം 2 | | |
| 28 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 | |
| | ഭാഗം 3 | | |
| 29 | സ്പോർട്സ് കിറ്റ് വിതരണം | 3-1 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 38 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും | 4-9 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 41 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 23.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25.02.2019 തീയതിയിലെ 14-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 11.06.2019 |

## 1-3 സാമ്പത്തീക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8704240.00 |
| വരവ് | 116848267.00 |
| ആകെ | 125552507.00 |
| ചെലവ് | 103421840.00 |
| നീക്കിയിരിപ്പ് | 22130667.00 |

# 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക (ബഡ്ജറ്റ് പ്രോഗ്രാം | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP 40B) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 19840583 | 19840583 | 19840583 | 0 |
| വികസന ഫണ്ട് (എസ്. സി.പി) | | 0 | 9948849 | 9948849 | 9948849 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | | 0 | 229000 | 229000 | 229000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 22201000 | 22201000 | 22201000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 4126957 | 4126957 | 4126957 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 5489739 | 5489739 | 5489739 | 0 |
| കെ.എൽ.എസ്. ജി.ഡി. പി | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 2607 | 27893 | 30500 | 27783 | 2717 |
| ദുരിതാശ്വാസ നിധി | | 3106 | 125 | 3231 | 0 | 3231 |
| എം.എൻ. ആർ.ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 22963012 | 22963012 | 22963012 | 0 |
| | ഭരണ ചെലവ് | 391678 | 393988 | 785666 | 783827 | 1839 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടോട്ടൽ സാനിറ്റേഷൻ | 1821126 | 1770800 | 3591926 | 0 | 3591926 |
| | എ.ആർ. ഡബ്ള്യ. എസ്.എസ് | 29868 | 1059 | 30927 | 0 | 30927 |
| | ഐ.സി. ഡി.എസ് | 861155 | 1081882 | 1943037 | 999128 | 943909 |
| പശ്ചിമ ഘട്ടം | | 100 | 0 | 100 | 100 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ഹഡ്കോ ഹൗസിംഗ് | 113490 | 0 | 113490 | 113490 | 0 |
| | ബഡ്സ്കൂൾ ഗ്രാന്റ് | 162887 | 188335 | 351222 | 164061 | 187161 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ളോക്ക് പഞ്ചായത്ത് | 80000 | 5630800 | 5710800 | 4059752 | 1651048 |
| | ജില്ലാ പഞ്ചായത്ത് | 0 | 7060600 | 7060600 | 1660600 | 5400000 |
| ജനറൽപർപ്പസ് ഗ്രാന്റ് | | 0 | 13141119 | 13141119 | 13141119 | 0 |

| | | | | | |
|---|---|---|---|---|---|
| ബി. ഫണ്ട് | 0 | 61447620 | 61447620 | 61447620 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 730000 | 730000 | 190000 | 540000 |
| കേരളോത്സവം | 35000 | 0 | 35000 | 0 | 35000 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | 0 | 225000 | 225000 | 225000 | 0 |
| 100 ദിനം പൂർത്തിയാക്കിയ MGNREGS തൊഴിലാളികൾക്ക് പാരിതോഷികം | 0 | 7000 | 7000 | 7000 | 0 |
| കുടുംബശ്രീ-ജില്ലാ മിഷൻ(ബഡ്സ് സ്കൂൾ വാഹനം-സംഭാവന | 0 | 1500000 | 1500000 | 0 | 1500000 |
| ചിയാക് | 2694 | 4602 | 7296 | 0 | 7296 |
| വിമുക്തി | 18500 | 25000 | 43500 | 0 | 43500 |
| കെ യു ആർ ഡി എഫ് സി ലോൺ | 0 | 5280000 | 5280000 | 5280000 | 0 |
| ഗുണഭോക്തൃ വിഹിതം | 762182 | 136639 | 898821 | 861303 | 37518 |

1)സംയുക്ത പ്രോജക്ടുകളുടെ പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിന് മുൻപ് 2013-14 ൽ ലഭ്യമായ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ പ്രോജക്ട് നം.60/19 ലെ ചെലവ് തനത് ഫണ്ടിൽ നിന്നുള്ള ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാലൻസ് തുക 10210/-രൂപയും തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ വ്യത്യാസം ട്രഷറി അക്കൌണ്ട്, B4 ഷെഡ്യൂൾ എന്നിവയിലും വന്നിട്ടുണ്ട്.

2)ബഡ്സ് സ്കൂൾ ഗ്രാന്റ്-2018-19 ലെ പ്രാരംഭ ബാക്കിയിൽ ഷെഡ്യൂൾ ബി4ലെ ഗ്രാന്റ് ഹെഡിലെ തുകയും ഷെഡ്യൂൾ ബി17ലെ ബാങ്ക് അക്കൌണ്ടിലെ തുകയും തമ്മിൽ 161694/-രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. ഐരാപുരം എസ് സി ബിയിലാണ് ബഡ്സ് സ്കൂൾ ഗ്രാന്റിന്റെ തുക നിക്ഷേപിച്ചിരിക്കുന്നത്. ഇവിടെ ഇലക്ട്രോണിക് സൌകര്യമില്ലാത്തതിനാൽ 2017-18 ലെ ഗ്രാന്റ് തുക ഓൺലൈനായി 22.03.18 തീയതിയിൽ കോലഞ്ചേരി എസ് ബി ഐ അക്കൌണ്ടിലാണ് ലഭ്യമായത്. ആയതിനെക്കുറിച്ച് പിന്നീടാണ് പഞ്ചായത്ത് അറിഞ്ഞത്. അതു കാരണം 31.03.2018 ന് മുൻപ് മേൽ തുക എസ് ബി ഐ ബാങ്കിൽ നിന്നും ബഡ്സ് സ്കൂൾ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ കഴിയാതിരുന്നതിനാൽ 2018-19 വർഷത്തെ എ എഫ് എസ് ൽ ഗ്രാന്റ് ഹെഡിലുള്ള പ്രാരംഭബാക്കിയും ബാങ്ക് അക്കൌണ്ടിലുള്ള പ്രാരംഭബാക്കിയും തമ്മിൽ 161694/-രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | ണ്ണം | | | | |
|---|---|---|---|---|---|---|
| 246 | 161428488 | 168 | 86007197 | 74 | 4 | 68 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 391678 | 393988 | 785666 | 783827 | 1839 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 22963012 | 22963012 | 22963012 | 0 |
| ആകെ | 391678 | 23357000 | 23748678 | 23746839 | 1839 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം * |
|---|---|---|
| തൊഴിൽരഹിത വേതനം | 134760 | 101 |
| കർഷകത്തൊഴിലാളി പെൻഷൻ | 11973500 | 1006 |
| വിധവാപെൻഷൻ | 15151300 | 1236 |
| വാർദ്ധക്യകാലപെൻഷൻ | 27985300 | 2211 |
| വികലാംഗപെൻഷൻ | 5259100 | 417 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 722600 | 59 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2019-ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37572/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

<u>സ്റ്റാന്റിംഗ് കമ്മിറ്റി/വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

<u>വർക്കിംഗ് ഗ്രൂപ്പ്</u>

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന തവണ യോഗം ചേർന്നെങ്കിലും 2018-19 പദ്ധതി രൂപീകരണവും, 2019-20 പദ്ധതി രൂപീകരണവും മാത്രമാണ് ചർച്ച ചെയ്തത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റി</u>

പൊതുഭരണം, ധനകാര്യം, വാർഷികപദ്ധതി പ്രവർത്തനങ്ങൾ, വികസനം, സേവനം, പശ്ചാത്തലം എന്നീ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ ഉൾപ്പെടെ നിയമപ്രകാരം നിർണ്ണയിച്ച നൽകിയ വിഷയങ്ങൾ

കൈകാര്യം ചെയ്യുന്നതിലും ചുമതലകൾ നിറവേറ്റുന്നതിനുമുള്ള വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെങ്കിലും എടുത്ത തീരുമാനങ്ങളിലുള്ള പ്രവർത്തനപുരോഗതി തുടർന്ന് വിലയിരുത്തുന്നില്ല.

<u>തനത് ഫണ്ട് വരവ്</u>

1. തൊഴിൽനികുതി സ്റ്റേറ്റ്മെന്റിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. ഉദാ: മിക്കവാറും സ്റ്റേറ്റ്മെന്റുകളിൽ അർദ്ധവാർഷിക വരുമാനം ചേർത്തിട്ടില്ല.

2. കെട്ടിട പെർമിറ്റിൽ നിർദ്ദിഷ്ട സ്ഥലത്തിന്റെ സർവ്വെ നം. ചേർത്തിട്ടില്ല.

3. ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കുമുള്ള അപേക്ഷകളിൽ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 മുതൽ 13.10.2017 വരെ | 2014-15, 2015-16, 2016-17 | 11.12.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്.

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 4080/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തിയതി |
|---|---|---|---|
| 13 | പെർമിറ്റ് ഫീസ് | 4080 | 119030105651/ 31.12.2019 |
| | ആകെ | 4080 | |

# 1-13 തൊഴിൽ നികുതി ഈടാക്കാത്തത്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

(1) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ടത് | അർദ്ധ വർഷം |
|---|---|---|---|
| 1 | മഴുവന്നൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, വലമ്പൂർ ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 2 | ഐരാപുരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, നോർത്ത് ഐരാപുരം ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 3 | ഐരാപുരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, സൗത്ത് ഐരാപുരം ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |

(2) 2018-19 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ 2018-19 ലെ രണ്ടു അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 15 | ബിന്ദു പി. എബ്രാഹം, ആലപ്പാട്ട് പെട്രോളിയം, മണ്ണൂർ | 3 |
| 2 | 27 | ബഷീർ എം.എം, അറഫ ഫ്യൂൽസ്, വളയൻചിറങ്ങര | 2 |
| 3 | 75 | ബിനോയി ടി അവിര, ഫൈൻഫാബ് എഞ്ചിനീയേഴ്സ്, വളയൻചിറങ്ങര | 6 |
| 4 | 97 | അനൂപ് എ.വി, എ.വി.എ ചോളയിൽ ഹെൽത്ത്കെയർ, നെല്ലാട് | - |
| 5 | 125 | ആഷ്ലി ജോൺ തരകൻ, ഹെബ്രോൺ ഫുഡ് എക്സ്ട്രാസ്, സൗത്ത് മഴുവന്നൂർ പി.ഒ | 4 |
| 6 | 155 | വിജി വിനു, കെ.വി. ജോർജ്ജ് സൺസ്, നല്ലാട് | 6 |
| 7 | 213 | സുരേഷ് ബി, തുമ്പശ്ശേരിൽ ഇൻഡസ്ട്രീസ്, മംഗലത്തുനട | 6 |
| 8 | 222 | പ്രദീപ് കുമാർ, മൈക്രോ സ്റ്ററിലൈസേഷൻ സർവ്വീസസ് ലി., കടയ്ക്കനാട് | 7 |
| 9 | 244 | ഷിബു മാത്യു, പ്രോട്ടീൻ ഹാച്ചറീസ്, മണ്ണൂർ | 8 |
| 10 | 255 | റോയി ഏലിയാസ്, പോപ്പുലർ ഇംപ്ലിമെന്റസ്, നെല്ലാട് | 7 |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ രസീത് ഹാജരാക്കിയിട്ടുണ്ട്. നികുതി ഒടുക്കാത്ത മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ

## പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകതകൾ

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൽ പ്രകാരം 2018 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാറമട, ക്രഷർ, പ്ലൈവുഡ് കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളത് പ്രസ്തുത സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിന്റെ കാലാവധിവരെയാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ പുതുക്കിയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ കാലാവധിക്ക് ശേഷവും തുടർന്ന് പ്രവർത്തിക്കുന്നുണ്ടോ, ഇവക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിലോ ലൈസൻസ് പകർപ്പിലോ രേഖപ്പെടുത്തുന്നില്ല.

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.12.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ ഗൗരവമായി കണക്കിലെടുത്ത് പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി - മുഴുവൻ വിദ്യാർത്ഥികളും പരീക്ഷ എഴുതുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | S129/19 |
| പ്രോജക്ടിന്റെ പേര് | സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | 50000/-( തനത് ഫണ്ട്) |
| ചെലവ് | 19250/- |
| ചെക്ക് നമ്പർ | 8682764 തീയതി 20.06.2018 |

ഹെഡ് മാസ്റ്റർ, ഗവ. യു പി സ്കൂൾ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ പത്താംതരം തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത 11 പഠിതാക്കളുടെ ഫീസിനത്തിൽ 1750/-രൂപ നിരക്കിൽ സാക്ഷരതാ മിഷന് ആകെ 19250/-രൂപ നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 14.08.2017 ലെ എ7-730/17 നമ്പർ നടപടി ഉത്തരവിൽ ഒരു പ്രേരകിന്റെ കീഴിൽ കുറഞ്ഞത് 50 പഠിതാക്കളെങ്കിലും ഉണ്ടായിരിക്കേണ്ടതും ഇവരിൽ കുറഞ്ഞത് 90% പേരെങ്കിലും പരീക്ഷ എഴുതിയിരിക്കേണ്ടതുമാണ്. എന്നാൽ 7 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ മാത്രമാണ് ഇത് സംബന്ധിച്ച് നൽകിയ 28.12.2019 ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പരിശോധനക്ക് ലഭ്യമാക്കിയത്. അവശേഷിക്കുന്ന മഞ്ജുഷ കെ എം, മുഹമ്മദ് അൽത്താഫ് പി എസ്, സുധീർ എ ബി, സീന ബിനോയ് എന്നീ പഠിതാക്കൾ വരും വർഷങ്ങളിൽ പരീക്ഷ എഴുതും എന്നാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഈ നാല് പഠിതാക്കളും പരീക്ഷ എഴുതുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയുടെ ചെലവ് തനത് ഫണ്ടിൽ നിന്നാണെങ്കിലും ഇത് യഥാർത്ഥത്തിൽ ബ്ലോക്ക് വിഹിതമാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക തനത് ഫണ്ടിൽ സൂക്ഷിച്ചതിൽ നിന്നാണ് ഈ ചെലവ്

വന്നിട്ടുള്ളത്.പദ്ധതിപ്പണം മുഴുവനായും ചെലവഴിക്കേണ്ടതും ശരിയായ മോണിറ്ററിംഗ് വിധേയമാക്കേണ്ടതുമാണ്.

# 1-16 സ്പോർട്സ് കിറ്റ് വിതരണം-അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ 14 ക്ലബുകൾക്ക് 69,790/- രൂപ ചെലവിൽ ഫിഫ സ്പോർട്സ് ഗാലറി, തൊടുപുഴ ഈസ്റ്റ് പി ഒ, മങ്ങാട്ടുകവല എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക നം. 7.6.13 പ്രകാരം ഒരു സംഘടനയ്ക്ക് 4000/-രൂപയിൽ കവിയാത്ത സ്പോർട്സ് ഉപകരണങ്ങൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് വിശദീകരിച്ചിട്ടുണ്ട്. 14 ക്ലബുകൾക്ക് 4000/-രൂപ നിരക്കിൽ 56000/-രൂപയുടെ ഉപകരണങ്ങൾ നൽകേണ്ടതിന് പകരം ഒരോ ക്ലബിനും 4985/- രൂപയുടെ ഉപകരണങ്ങൾ വീതം വിതരണം ചെയ്തതിനാൽ ആകെ 69,790/-രൂപ ചെലവ് വന്നിട്ടുണ്ട് . വിശദവിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

# 1-17 നെൽകൃഷി/ പാലിന് സബ്സിഡി-ആവശ്യത്തിന് തുക വകയിരുത്തുന്നില്ല.

| പ്രോജക്ട് നം. | S023/19 | S045/19 |
|---|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | 1003000/- (10,00,000/- വികസന ഫണ്ട്-സാധാ, 3000/- തനത് ഫണ്ട്) | 2460600/-(8,00,000/- വികസന ഫണ്ട്-സാധാ, 1450000/-ബ്ലോക്ക് വിഹിതം,210600/-ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 841979/- | 1660600/- |

മേൽപ്പറഞ്ഞ 2പദ്ധതികളിലും കർഷകർക്ക് അർഹമായ സബ്സിഡി നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>സമഗ്ര നെൽകൃഷി വികസനം</u>

കാർഷിക പ്രാധാന്യമുള്ള മഴവന്നൂർ പഞ്ചായത്തിന്റെ വികസന രേഖ പ്രകാരം 220 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുന്നുണ്ട്. 271 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാണെങ്കിലും വിവിധ കാരണങ്ങളാൽ കൃഷി ചെയ്യുന്നില്ല. സ ഉ (കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 പ്രകാരം ഹെക്ടർ ഒന്നിന് 17,000/- രൂപ നിരക്കിൽ കർഷകർക്ക് കൂലിച്ചെലവ് നൽകാവുന്നതാണ്. ആയതിനാൽ തന്നെ 37,40,000/- രൂപയെങ്കിലും വകയിരുത്തിയാൽ മാത്രമേ അർഹമായ സബ്സിഡി നൽകുവാൻ ഫണ്ട് പര്യാപ്തമാവുകയുള്ളൂ. തൻവർഷം ഹെക്ടറിന് 8500/-രൂപ നിരക്കിൽ മാത്രമാണ് ഈയിനത്തിലെ സബ്സിഡി വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്. ഈയിനത്തിൽ ബ്ലോക്ക് വിഹിതമോ, ജില്ലാ പഞ്ചായത്ത് വിഹിതമോ ലഭ്യമായിട്ടില്ല. വികസന ഫണ്ട് പഞ്ചായത്ത് വിഹിതവും തനത് ഫണ്ടും മാത്രം വകയിരുത്തിയാണ് പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്

വിഹിതം കൂടി ലഭ്യമാക്കിയിരുന്നെങ്കിൽ കർഷകർക്ക് കൂടുതൽ തുക നൽകാമായിരുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കൂടി ഉപയോഗപ്പെടുത്താമെങ്കിലും യഥാസമയം തൊഴിലുറപ്പ് പ്രവൃത്തികൾ നെൽകൃഷിക്ക് ലഭ്യമാക്കാൻ വലിയ തോതിൽ സാധിക്കാറില്ലായെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചു. തൊഴിലുറപ്പ് പ്രവൃത്തികൾ നെൽകൃഷിക്ക് കൂടി ഉപയുക്തമാകും വിധം ക്രമീകരണം നടത്തിയാൽ കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തിന് വളരെയധികം പ്രയോജനപ്രദമായിരിക്കും. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി</u>

11 ക്ഷീര സംഘങ്ങളിൽ പാൽ വിൽക്കുന്ന കർഷകരാണ് പഞ്ചായത്തിലുള്ളത്. തൻവർഷം 2460600/- രൂപ പാലിന് സബ്സിഡി നൽകുവാൻ വകയിരുത്തിയിരുന്നെങ്കിലും 2018 നവംബർ മാസം വരെ ആകെ 8 മാസങ്ങളിൽ മാത്രം ആനുകൂല്യം നൽകുവാനേ സാധിച്ചിട്ടുള്ളൂ. 4 മാസം സബ്സിഡി നൽകുവാൻ കഴിഞ്ഞിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ മുഴുവൻ തുകയും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് 1/2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് കാണുന്നു. നിർവഹണോദ്യോഗസ്ഥ ലഭ്യമാക്കിയ കണക്ക് പ്രകാരം 10,00,000/- രൂപ കൂടി വകയിരുത്തിയെങ്കിൽ മാത്രമേ മുഴുവൻ ആനുകൂല്യവും നൽകാൻ സാധിക്കൂ. ക്ഷീര കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് മതിയായ തുക വകയിരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-18 ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/4620/12സി.ഇ, ത.സ്വ.ഭ.വ തീയതി,18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും, സ.ഉ(സാധാ)നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16ലെ ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റി വെച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ നം. ഡിബി3-4620/2012/സി.ഇ.തസ്വഭ.വ തീയതി, 02.02.2018, ചീഫ് എഞ്ചിനീയറുടെ നം.ഡിബി3-4620/2012/ സി.ഇ.തസ്വഭ.വ തീയതി, 26.11.2018, എന്നീ ഉത്തരവുകളിലൂടെ 2018-19 വർഷം മുതൽ റോഡ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പ്രവൃത്തികളുടെ ശതമാനം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2018-19 ൽ ആകെ റോഡ് ടാറിംഗ് പ്രവൃത്തികളുടെ പ്രോജക്ടിൽ 25% പ്രവൃത്തികൾക്ക് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അനുദിനം വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതു മൂലം ലക്ഷ്യമിടുന്നുണ്ട്. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് യൂണിറ്റുകളാക്കി റോഡ് പ്രവൃത്തികൾക്ക് ഉപയാഗിച്ചു വരുന്നുണ്ട്. കൂടുതൽ ഈടു നിൽക്കുന്നതോടൊപ്പം മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നേടുന്നതിനും ഇതു മൂലം സാധിക്കുന്നതാണ്.

2018-19 ൽ മുപ്പതോളം റോഡ് ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികളിൽ ആകെ രണ്ട് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുള്ളത്. എല്ലാ ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ വിനിയോഗം ഉറപ്പാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-19 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ താഴെ പറയുന്നവയിൽ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 01.04.17 മുതൽ പ്രാബല്യത്തിലുള്ള 49.02% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് കണക്കാക്കിയത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീറുടെ 19.09.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 01.10.2017 മുതൽ എറണാകുളത്ത് 46.08% ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ ചില പ്രൊജക്കുകളിൽ എറണാകുളത്തിന് ബാധകമായ പഴയ നിരക്കായ 49.02% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചു കൊടുത്തിരിക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണ്. ആയത് പ്രകാരം കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവു വരുത്തണമായിരുന്നു. 2018-19 ൽ കരാർ വച്ച പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ എറണാകുളത്തിന് ബാധകമായ പുതിയ നിരക്കിലാണ് (46.02 %) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം, 01.10.2017 നു ശേഷം കരാർ ചമച്ച്, പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 46.08 % ന് പകരം 49.02% കോസ്റ്റ് ഇൻക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ ചില പ്രോജക്കുകളിൽ അധികതുക കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊ.നം/പേര് | 200/19 കുറ്റിപ്പിള്ളി ചെറുനെല്ലാട് റോഡ് റീടാറിംഗ് |
| ആകെ ചെലവ് | 455516 |
| 10% O.H കുറക്കുക | (-)455516x100/110=414105 |
| 10% C.P കുറക്കുക | (-)414105x100/110=376459 |
| 49.02% cost index കുറക്കുക | (-)376459x100/149.02=252623 |
| അടിസ്ഥാന മൂല്യം | 252623 |
| (+)46.08% cost index കൂട്ടുക | (+)252623x146.08%=369031.67 |
| (+)10% C.P.കൂട്ടുക | (+)368830x110%=405934.84 |
| (+) 10% O.H.കൂട്ടുക | (+)405713x110%=446528.33 |
| കരാറുകാരന് അർഹതപ്പെട്ട തുക | 446528.33 |
| അധികം നൽകിയത് | 455516-446528= 8988 |
| അധികം നൽകിയ ശതമാനം | 9232x100/446284=2.06% |

ഇപ്രകാരം പ്രവൃത്തികൾക്ക് അധികം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തി/ അളവ് പുസ്തകം/ കരാറുകാരൻ | കരാർ നം/ തീയതി | ആകെ ചെലവ് | അവസാന ബിൽ തുക,ബിൽ നം തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 200/19 കുറ്റിപ്പിള്ളി | 50/17-18, 21.12.17 | 455516 | 455516 45/20.03.19 | 08.05.18 | 8988 |

| | | | | | | |
|---|---|---|---|---|---|---|
| | ചെറുനെല്ലാട് റോഡ് റീടാറിംഗ്, 48/17-18, സി ആർ വിജയൻ | (എസ്റ്റിമേറ്റ് റേറ്റ്) | | | | |
| 2 | 202/19 മംഗലത്തുനട കൊച്ചുകുടിമുക്ക് കാവുങ്ങമല റോഡ് റീടാറിംഗ്, 567/18-19, സി ആർ വിജയൻ | 52/17-18, 21.12.17 (എസ്റ്റിമേറ്റ് റേറ്റ്) | 547282 | 547282 | 29.04.19 | 11274 |
| ആകെ | | | | | | 20262 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം മാത്രമേ സാങ്കേതികാനുമതിയിൽ മാറ്റം വരുത്തുവാൻ സാധിക്കുമായിരുന്നുള്ളൂവെന്നും ആയതിന് കാലതാമസം എടുക്കും എന്നുള്ളതു കൊണ്ടുമാണ് ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പാക്കിയത് എന്നും അറിയിക്കുകയുണ്ടായി. കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി പൊതു പണത്തിന് നഷ്ടമുണ്ടാകാത്ത രീതിയിൽ വേണം പ്രവൃത്തികൾ നടപ്പാക്കണം എന്ന ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പാലിച്ച് വേണം ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1- 20 ബഡ്സ് സ്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി പഞ്ചായത്തിൽ കുടുംബശ്രീയുടെ സഹായത്തോടെ ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 1998 ൽ കമ്മ്യൂണിറ്റി ബെയ്സ്ഡ് റീഹാബിലിറ്റേഷൻ സെന്റർ ആയി ആരംഭിച്ച സ്കൂൾ 2010 ലാണ് ബഡ്സ് സ്കൂളായി പ്രവർത്തനം ആരംഭിച്ചത്. ഓഡിറ്റ് വർഷം 42 കുട്ടികളും രണ്ട് അദ്ധ്യാപകരുമാണ് സ്കൂളിലുള്ളത്. വാഹന സൗകര്യമുൾപ്പെടെ സ്കൂളിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഒരുക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. പരിശീലനത്തിലൂടെ കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. ഇവിടുത്തെ കുട്ടികളുടെ മാതാപിതാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകിയിരുന്നു. ഇവർക്ക് സ്വയംതൊഴിലിനുള്ള മെഷീനറികൾ സ്ഥാപിച്ച് സ്കൂളിന്റെ മുകളിൽ തന്നെയുള്ള ഭാഗത്ത് തൊഴിലിൽ ഏർപ്പെടാൻ സാധിക്കും വിധം സൌകര്യം ഒരുക്കുവാനുള്ള പദ്ധതികൾ പഞ്ചായത്ത് രൂപീകരിച്ചു വരുന്നുണ്ട്.

ബഡ്സ് സ്കൂളിൽ നിലവിലുള്ള രണ്ട് അദ്ധ്യാപകരിൽ അസിസ്റ്റന്റ് ടീച്ചറായ ശ്രീമതി ഷിജി വർഗീസ്, തൊഴുത്തിങ്കൽപറമ്പിൽ എന്നയാൾ വിദൂര പഠനത്തിലൂടെ സ്പെഷ്യൽ എഡ്യൂക്കേഷനിൽ 6 മാസത്തെ ഫൌണ്ടേഷൻ കോഴ്സാണ് പാസായിട്ടുള്ളത്. ഈ കോഴ്സിന്റെ കാലാവധി 28.02.2008 മുതൽ 5 വർഷം മാത്രമായതിനാൽ 28.02.2013 ൽ ആയത് അവസാനിച്ചിട്ടുള്ളതാണ്. ബഡ്സ്/ബി ആർ സി എന്നിവയുടെ ഗുണനിലവാര ക്രമീകരണം സംബന്ധിച്ച സർക്കാർ ഉത്തരവ് (എം എസ്) നം.20/2018 തസ്വഭവ 07.02.2018, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.12.2017 ലെ മാനസിക വെല്ലുവിളികൾ

നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾക്കായുള്ള സർക്കാർ ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള എ1/27300(1)/2017 ഡി.പി.ഐ നമ്പർ ഉത്തരവ് എന്നിവ പ്രകാരം സ്പെഷ്യൽ എഡ്യുക്കേഷനിൽ ബി.എഡ് അല്ലെങ്കിൽ ഡിപ്ലോമ അദ്ധ്യാപകർക്കുണ്ടായിരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഗുണനിലവാര ക്രമീകരണം നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിച്ചു.

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. നിർമ്മാണ സമയത്തെ ഗതാഗത നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
8. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ

വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 37437054/-രൂപ വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്.ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഷെഡ്യൂൾ B4പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 7051048/-രൂപ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | അവശേഷിക്കുന്ന തുക |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 5400000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1651048 |
| ആകെ | 7051048 |

ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന തുകയിൽ 1651048/- രൂപ ലൈഫ് ഭവനപദ്ധതിക്കായി സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്. പ്രസ്തുത പ്രവൃത്തി 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 321462/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന 5400000 രൂപ ഏത്തക്കാട്ടിൽ എസ് സി കോളനി നവീകരണത്തിനും,ആക്കാംമ്പാറ എസ് സി കോളനി നവീകരണത്തിനുമായി ലഭിച്ച തുകയാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ 27.03.2019 ൽ മാത്രമാണ് തുക ലഭിച്ചിട്ടുള്ളതെന്നും 2019-20 സാമ്പത്തിക വർഷം മുഴുവൻ തുകയും ചെലവഴിക്കുന്നതാണെന്നും അറിയിച്ചു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക യഥാസമയം വിനിയോഗിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

## 1-23 കുഴൽ കിണർ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | മുബാറക്ക് കുഴൽ കിണറിൽ നിന്നും കുടിവെള്ളം വിതരണം,134/19 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ | 200000 |
| ചെലവ് വിവരം | 200000/-,ചെക്ക് നം.0398964/30.03.2019 |

ഗ്രാമപഞ്ചായത്തിലെ മുബാറക്ക് കുഴൽ കിണറിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പമ്പ് ഹൌസ്, ടാങ്ക്, പൈപ്പ് ലൈൻ എന്നിവ നിർമ്മിച്ച് നടപ്പാക്കുന്നതിനാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതനുസരിച്ച് ജില്ലാ ഗ്രൌണ്ട് വാട്ടർ വകുപ്പിന്റെ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 200000/-രൂപ മേൽ വകുപ്പിന് നൽകുകയും ചെയ്തു. എന്നാൽ നാളിതു വരെയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

കൂടാതെ ഗ്രാമ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ ഉ (കൈ) നം.11/2018/തസ്വഭവ /29.01.18 ഖ 7.1.6 (എ)(19) (ബി) (1) പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി/ കർഷക കൂട്ടായ്മ /ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. അത്തരത്തിൽ മേൽ ജലസേചനപദ്ധതിയും ഗുണഭോക്താക്കളുടെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കിയത് എന്ന കാര്യവും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അതോടൊപ്പം ഭാവിയിൽ ജലസേചനപദ്ധതികൾ ഗുണഭോക്താക്കളുടെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 28/19, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 20,00,000/- (5,00,000/-വികസന ഫണ്ട് ജനറൽ, 5,00,000/-സംസ്ഥാനാവിഷ്കൃതം ,10,00,000/-മറ്റുള്ളവ) |
| ചെലവ് | 15,50,000/- (387500/-വികസന ഫണ്ട് ജനറൽ, 387500/-സംസ്ഥാനാവിഷ്കൃതം , 775,000/-മറ്റുള്ളവ) |
| ബിൽ നമ്പർ | 5/18-19 തീയതി 20.12.2018 തുക 387500/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ പഞ്ചായത്ത് വിഹിതമായി 387500/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. 62 കിടാവുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 271223/-വരെ തുക ചെലവഴിച്ചതിന്റെ രേഖകളാണ് പ്രോജക്ട് ഓഫീസിൽ നിന്ന് ലഭ്യമായിട്ടുള്ളത്. പദ്ധതി നിലവിൽ പൂർത്തിയായിട്ടില്ല. പദ്ധതി പൂർത്തിയാക്കി അവശേഷിക്കുന്ന 116277/- രൂപയുടെ വിനിയോഗ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-25 വെള്ളക്കരം ഭീമമായ കുടിശ്ശിക-

കേരള വാട്ടർ അതോറിട്ടിയുമായി ചേർന്നുള്ള സംയുക്തപരിശോധനയ്ക്ക് ശേഷം 01-04-18 മുതൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആകെ പൊതുടാപ്പുകളുടെ എണ്ണം 866 ആയി പുനർനിർണയിച്ചിട്ടുണ്ട്. പ്രതിമാസം 378875- നിരക്കിൽ പ്രതിവർഷം 4129264- രൂപയാണ് വെള്ളക്കരമിനത്തിൽ നിലവിൽ അടവാക്കുന്നത്. വാട്ടർ അതോറിട്ടിയുടെ കത്ത് പ്രകാരം 20-03-18 ലെ വെള്ളക്കരം കുടിശ്ശിക 26954884- ആണ്. മുൻകാലങ്ങളിൽ വെള്ളക്കരം അടവാക്കാതിരുന്നതിനാലാണ് ഇത്രയും ഭീമമായ കുടിശ്ശിക ഉണ്ടായതും വികസനഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നെങ്കിലും പഞ്ചായത്തിന്റെ പ്രോജക്ട് നടത്തിപ്പിനെ ബാധിയ്ക്കുമെന്നതിനാൽ പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം വികസനഫണ്ടിൽ നിന്നും 1497702 രൂപയായും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 1133860 രൂപയുമായി ആകെ 2631562 -മാത്രം കുറവ് വരുത്തി ബാക്കി തുക തിരികെ നൽകിയിട്ടുണ്ട്.സർക്കാരിൽ നിന്നും പ്രത്യാകാനുമതി വാങ്ങി കുടിശ്ശിക ഗഡുക്കളായി അടച്ച് തീർക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-26 തെരുവുവിളക്ക് മെയിന്റനൻസ്- രേഖകൾ കൃത്യമല്ല.

സ്പിൽ ഓവറായി തൻവർഷം നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 100000- രൂപയും (ബിൽ നം.128353/25-5-18) തനതുഫണ്ടിൽ നിന്നും 449878- (ചെക്ക് നം.663612/31-3-19) രൂപയുമായി ആകെ 549878- ചെലവഴിച്ച് വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. പഞ്ചായത്തിൽ സൂക്ഷിയ്ക്കുന്ന രജിസ്റ്റർ കൃത്യമല്ല. പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കുംപ്രകാരമുള്ള തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. മാത്രമല്ല വാർഡ് തിരിച്ചുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ടും സൂക്ഷിയ്ക്കുന്നില്ല. രേഖകൾ കൃത്യമായി സൂക്ഷിയ്ക്കേണ്ടതാണ്

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 സ്പോർട്സ് കിറ്റ് വിതരണം -അധികം തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| പ്രോജക്ട് നം | S060/2019 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 2,00,000/-( തനത് ഫണ്ട്) |
| ചെലവ് | 69,790/- |
| വൌച്ചർ നമ്പർ | 21801103 തീയതി 26.03.19 തുക 69,790/- |

ഹെഡ് മാസ്റ്റർ നിർവഹണം

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ 14 ക്ലബുകൾക്ക് 69,790/- രൂപ ചെലവിൽ ഫിഫ സ്പോർട്സ് ഗാലറി, തൊടുപുഴ ഈസ്റ്റ് പി ഒ, മങ്ങാട്ടുകവല എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക നം. 7.6.13 പ്രകാരം ഒരു സംഘടനയ്ക്ക് 4000/-രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് വിശദീകരിച്ചിട്ടുണ്ട്. 14 ക്ലബുകൾക്ക് 4000/-രൂപ നിരക്കിൽ 56000/-രൂപയുടെ ഉപകരണങ്ങൾ നൽകേണ്ടതിന് പകരം ഒരോ ക്ലബിനും 4985/- രൂപയുടെ ഉപകരണങ്ങൾ വീതം വിതരണം ചെയ്തതിനാൽ ആകെ 69,790/-രൂപ ചെലവ് വന്നിട്ടുണ്ട് . പദ്ധതി മാർഗ്ഗരേഖയിലെ നിരക്ക് അധികരിച്ച് 13790/- രൂപ ( 69790-56000) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.12.2019 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി ചെലവഴിച്ച 13790/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ പ്രോജക്ടിൽ ലഭ്യമായ തുക 2013-14 ൽ സംയുക്ത പ്രോജക്ടുകളുടെ പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിന് മുമ്പേ ലഭിച്ചതായതിനാൽ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാലാണ് ഈ ചെലവ് തനത് ഫണ്ടിൽ നിന്നുള്ള ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകയാണ്.

നടത്തിയ മേൽ പ്രോജക്ടിൽ 14 ക്ലബുകൾക്ക് 69,790/- രൂപ ചെലവിൽ ഫിഫ സ്പോർട്സ് ഗാലറി, തൊടുപുഴ ഈസ്റ്റ് പി ഒ, മങ്ങാട്ടുകവല എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക നം. 7.6.13 പ്രകാരം ഒരു സംഘടനയ്ക്ക് 4000/-രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് വിശദീകരിച്ചിട്ടുണ്ട്. 14 ക്ലബുകൾക്ക് 4000/-രൂപ നിരക്കിൽ 56000/-രൂപയുടെ ഉപകരണങ്ങൾ നൽകേണ്ടതിന് പകരം ഒരോ ക്ലബിനും 4985/- രൂപയുടെ ഉപകരണങ്ങൾ വീതം വിതരണം ചെയ്തതിനാൽ ആകെ 69,790/-രൂപ ചെലവ് വന്നിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ നിരക്ക് അധികരിച്ച് 13790/- രൂപ ( 69790-56000) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.12.2019 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി ചെലവഴിച്ച 13790/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ പ്രോജക്ടിൽ ലഭ്യമായ തുക 2013-14 ൽ സംയുക്ത പ്രോജക്ടുകളുടെ പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിന് മുമ്പേ ലഭിച്ചതായതിനാൽ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാലാണ്

ഈ ചെലവ് തനത് ഫണ്ടിൽ നിന്നുള്ള ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകയാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019-11.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(5)/2019 / 03.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | 210600 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 210600 | 0 |
| | | 1150000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 1150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1400000 | ആക്കാംപാറ കോളനി നവീകരണം | 0 | 1400000 |
| | | 300000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 4000000 | ഏത്തക്കാട്ടിൽ കോളനി നവീകരണം | 0 | 4000000 |
| **ആകെ** | | **7060600** | | **1660600** | **5400000** |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1450000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1450000 | 0 |
| | | 1700000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 1700000 | 0 |
| | | 1680800 | ലൈഫ് ഭവനപദ്ധതി (എസ് സി പി) | 321462 | 1359338 |
| | | 500000 | ലൈഫ് ഭവനപദ്ധതി [illegible] | 218500 | 281500 |

| | | | | | |
|---|---|---|---|---|---|
| | | | (ടി എസ് പി) | | |
| | | 300000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| **ആകെ** | | **5630800** | | **3989962** | **1640838** |

സംയുക്ത പ്രോജക്ടുകളുടെ പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിന് മുൻപ് 2013-14 ൽ ലഭ്യമായ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ പ്രോജക്ട് നം.60/19 ലെ ചെലവ് തനത് ഫണ്ടിൽ നിന്നുള്ള ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി പ്രോജക്ടിൽ 10210/-രൂപ ബാലൻസ് ഉള്ളതും തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഭൂജല വകുപ്പ് | മുബാറക്ക് കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നം. 134/19) | 218001247/ 31.03.19 | 200000 | 0 | 200000 |
| വടവ്വ്കോട് ബ്ലോക്ക് പഞ്ചായത്ത് | ഇഞ്ചപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ (പ്രോജക്ട് നം. 59/19) | 218001105 / 14.01.19 | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

****ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | 2016-17 വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ണ്ടാ യിരുന്ന തുക | | | യുള്ള തുക |
| ഇ.എം. എസ്. ലോൺ തിരിച്ചടവ് | സ.ഉ. (സാ.ധാ) 952/2010/ ത.സ്വ.ഭ.വ / 19.03.2010 | 16564485 | 2568207 | 1698880 | - | 869327 |
| ഹഡ്കോ വായ്പ | സ.ഉ. (എം.എസ്) 68/2018/ ത.സ്വ.ഭ.വ / 18.05.2018<br>സ.ഉ. (എം.എസ്) 100/2018/ ത.സ്വ.ഭ.വ / 30.07.2018 | 5280000 | - | - | - | 5280000 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 196870 |
| ആകെ | 196870 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 196870 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | രസീത് നമ്പർ | നിക്ഷേപിച്ച തീയതി | കാലയളവ് | നിക്ഷേപിച്ച തുക |
|---|---|---|---|---|---|
| 1 | എസ് ബി ഐ, കോലഞ്ചേരി | 338803230000699 | 22.10.2018 | 1 വർഷം | 196870 |
| ആകെ | | | | | 196870 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 58934 രൂപയുടെ വിഷദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 2006-07 | 2-3 | 500 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| 2017-18 | 2-1 | 13779 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| 2017-18 | 2-1 | 10947 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| 2017-18 | 2-1 | 6312 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| 2017-18 | 2-3(4) | 23000 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| 2017-18 | 2-4 | 4396 | ശ്രീ. എം.പി. ജഗദീഷ്, സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് |
| **ആകെ** | | **58934** | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, പാര. 37 1999-00, പാര. 32 | 2002-03 7/1.7.10(1) | വീട് അറ്റകുറ്റപ്പണികൾക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് അംഗീകരിക്കുന്നില്ല. | സർക്കാർ സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ സമർപ്പിച്ചിരിക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗ | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, | റവന്യൂ റിക്കവറിയിലൂടെ ഈടാ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | ഉൾ | ഈടാ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | തീയതിയും | | (സ്ഥലം, തീയതി) | ക്കിയ തുക (തീയതി) | പ്പെട്ട തുക | ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമനം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116848267 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103421840 |
| വരവിനങ്ങളിലുള്ള നഷ്ടം | 000 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 13790 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| | നഷ്ടമായ തുക | | |
|---|---|---|---|
| **ഖണ്ഡിക നമ്പർ** | **ചാർജ് ചെയ്യാവുന്നവ** | **സർചാർജ് ചെയ്യാവുന്നവ** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
| 3-1 | | 13790/- | ശ്രീ എം.കെ.ശിവദാസൻ, ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ, കുന്നക്കുരുടി |
| | 000 | 13790 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.കെ.ശിവദാസൻ, ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ, കുന്നക്കുരുടി | ഹെഡ് മാസ്റ്റർ, ഗവ.യു പി സ്കൂൾ, കുന്നക്കുരുടി | മണ്ണമോളിൽ ഹൗസ്, നെല്ലാട് പി ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 4 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, | 27 |

| | | |
|---|---|---|
| | 17.08.2010 | |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ(ഇ.കെ.എം)പി1<br>1522/2015.തീ.28.01.2016 | 14 |
| 2011-12<br>2012-13 | കെ.എസ്.എ(ഇ.കെ.എം)പി1<br>255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1<br>640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1<br>183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1<br>2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1)<br>1665/2017, തീ.18.04.2018 | 16 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി1)<br>2192/2018, തീ.31.10.2018 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

# <u>അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **മഴുവന്നൂർ** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മഴുവന്നൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. ബി-4 ഷെഡ്യൂളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകളിൽ 7051048/- രൂപ ബാക്കിയുണ്ട്. എന്നാൽ ബി-17 ഷെഡ്യൂളിലെ ജോയിന്റ് വെഞ്ച്വർ റ്റി.എസ്.ബി.യിൽ 7040838/- രൂപ മാത്രമാണുള്ളത്.
4. I – 18 ൽ prior period items ൽ വസ്തുനികുതിയിനത്തിൽ വൻ തുക journal entry നടത്തി ഡിമാൻഡിൽ വ്യത്യാസം വരുത്തിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഈ മാറ്റം ഭരണസമിതി അംഗീകാരമോ, സെക്രട്ടറിയുടെ ഉത്തരവോ കൂടാതെയാണ് ചെയ്തിരിക്കുന്നത്.

**ഡെപ്യൂട്ടി ഡയറക്ടർ**

# AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Mazhuvannur Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Mazhuvannur Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

## Annexure

Abstrct of Defects / Discripancies.

1. Demand, Collection and balance of property tax in the AFS differs with the figures as per SANCHAYA software.
2. Assets including Land has not been accounted properly and reconciled with the book values in the AFS.
3. As per B-4 schedule, balance of funds received from Block and District panchayats is ₹ 7051048/-. But the balance shown in TSB for Joint Venture as per B-17 schedule is ₹ 7040838/-.
4. Changes has been made in the demand for property tax under the head prior period items in the I-18 schedule through book adjustments, the details of which are not made available. These changes in demand were made without committee resolution or orders of the Secretary of the Panchayat.

**DEPUTY DIRECTOR**